ഭരണഭാഷ- മാതൃഭാഷ

ICDS/A6-7373/2020

വനിതശിശു വികസനഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 17/06/2020
ഇ-മെയിൽ swdicds@gmail.com
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് -കോവിഡ് 19-സൈ.സോ. പദ്ധതി-കൗൺസിലർമാർ -ടെലിഫോൺ മുഖാന്തിരം കൗൺസിലിംഗ് പ്രവർത്തനങ്ങളിൽ കർമ നിരതരാവേണ്ടത് സംബന്ധിച്ച്.

സൂചന:

കോവിഡ്-19 മഹാമാരിയെ തുടർന്ന് സൈക്കോ സോഷ്യൽ പദ്ധതിയിലെ സ്കൂൾ കൗൺസിലർമാർ DMHP യുമായി ബന്ധപ്പെട്ട് ടെലികൗൺസിലിംഗ് സേവനം നൽകി വന്നിരുന്നു.ലോക്ക് ഡൗൺ നിയന്ത്രണം മൂലം സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ കുട്ടികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്തുന്നതിനാവശ്യമായ കൗൺസിലിംഗും മറ്റു സേവനങ്ങളും തുടരേണ്ടതുണ്ട്. ആയതിനാൽ സ്കൂളുകൾ പൂർണ്ണമായ തോതിൽ പ്രവർത്തനമാരംഭിക്കുന്നതുവരെയുള്ള കാലയളവിൽ സ്കൂൾകൗൺസിലർമാർ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

- DMHP യുമായി ബന്ധപ്പെട്ട് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കൗൺസിലിംഗ് ഡ്യൂട്ടി ഇല്ലാത്ത സ്കൂൾ കൗൺസിലർമാർ പ്രവർത്തി ദിവസങ്ങളിൽ ഐ.സിഡി.എസ് ഓഫീസുകളിൽ/അങ്കണവാടികളിൽ ശിശുവികസന ഓഫീസറുടെ നിർദ്ദേശാനുസരണം ജോലിക്ക് ഹാജരാവേണ്ടതാണ്.
- കൗൺസിലർമാർ ടെലിഫോൺ മുഖാന്തിരം കുട്ടികൾക്ക് കൗൺസിലിംഗും ഗ്രൂപ്പ് കോൾ വഴി കുട്ടികളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികളും പരിപത്രം ICDS/A6-7887/2020 പ്രകാരമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.
- സ്കൂൾ ടീച്ചർ /അങ്കണവാടി ടീച്ചർ എന്നിവർ മുഖേന കണ്ടെത്തിയ വൾണറബിൾ കുട്ടികൾക്കും കൗൺസിലർ കണ്ടെത്തിയ വൾണറബിൾ കുട്ടികൾക്കും കൗൺസിലിംഗ്/ ഫോളോ അപ്പ് സെർവീസസ് നൽകുക

- ചെറിയകുട്ടികൾക്ക് പോസറ്റീവ് engagement പ്രേരിപ്പിക്കുന്ന interactive themes വീഡിയോ രൂപത്തിൽ തയ്യാറാക്കി സ്കൂൾ ടീച്ചർ മുഖാന്തിരം നൽകാം
- കുട്ടികൾ കൂടുതൽ സമയം ഇന്റർനെറ്റ് ഉപയോഗിക്കേണ്ടി വരുന്ന സാഹചര്യത്തിൽ സൈബർ സേഫ്റ്റിയുമായി ബന്ധപ്പെട്ട് ബോധവത്കരണം നൽകുന്നത് ഉചിതമായിരിക്കും
- മാതാപിതാക്കൾക്ക് Good Parenting awareness നൽകാം
- ദീർഘസമയം കമ്പ്യൂട്ടർ,ടെലിവിഷൻ ,മൊബൈൽ ഉപയോഗിക്കുന്നത് കുട്ടികളുടെ കണ്ണുകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കാം.ആയതു കുറക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കാം
- DMHP യുമായി ബന്ധപ്പെട്ട് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ടെലികൗൺസിലിംഗ് ഡ്യൂട്ടി നിർവ്വഹിക്കുന്ന കൗൺസിലർമാർ ആഴ്ചയിൽ ഒരു പ്രവർത്തി ദിവസം മാത്രം ഐ.സിഡി.എസ് ഓഫീസുകളിൽ/അങ്കണവാടികളിൽ ശിശുവികസന ഓഫീസറുടെ നിർദ്ദേശാനുസരണം ജോലിക്ക് ഹാജരാവേണ്ടതാണ്.

മേൽ പ്രവർത്തനങ്ങൾ എല്ലാംസർക്കാർ നൽകുന്ന കോവിഡ് നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതാണ്.ഓൺലൈൻ ആയോ ആവശ്യമെങ്കിൽ സ്കൂളിൽവെച്ചോ അങ്കണവാടിയിൽവെച്ചോ കൗൺസിലിംഗ് നടത്താം.കൗൺസിലിംഗ് സേവനം ആവശ്യമായ കുട്ടികളെ ആവശ്യമെങ്കിൽ നേരിൽ കാണുന്നതിന് കഴിയുന്ന രീതിയിൽ കൗൺസിലർമാരുടെ ജോലി ക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട സി.ഡി.പി.ഓമാർ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് വർക്ക് ഡയറിയിൽ ചേർക്കേണ്ടതും മാസാവസാനം ശിശുവികസന പദ്ധതി ഓഫീസർക്ക് റിപ്പോർട്ട് ചെയ്യണ്ടതുമാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

PREETHY WILSON
ASSISTANT DIRECTOR
Women and Child Development Department
Poojappura, Thiruvananthapuram
Phone : 8281999340

1)എല്ലാ ജില്ലാ വനിത ശിശുവികസനഓഫീസർമാർക്കും

2) എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

3)കരുതൽ സഞ്ചയം